"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്തനിവാരണ വകുപ്പ് -- കോഴിക്കോട് ജില്ല - 2020-21 വർഷത്തെ പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട് ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് കൊയിലാണ്ടി സപ്ലൈകോ ഡിപ്പോ സാധനങ്ങൾ വിതരണം ചെയ്ത വകയിൽ നൽകാനുള്ള കുടിശ്ശിക തുക സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്നും അനുവദിച്ച് ഉത്തരവാകുന്നു

---

**ദുരന്തനിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.323/2026/DMD തീയതി,തിരുവനന്തപുരം, 29-07-2026

---

പരാമർശം:-
1. 09/05/2025 ലെ സ.ഉ. (സാധാ) നം.304/2025/ഡി.എം.ഡി
2. കോഴിക്കോട് ജില്ലാ കളക്ടറുടെ 07.07.2026 ലെ DCKKD/241/2024 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലയിലെ 2020-21 വർഷങ്ങളിൽ കനത്ത മഴയെയും വെള്ളപ്പൊക്കത്തെയും തുടർന്ന് കൊയിലാണ്ടി താലൂക്കിലെ ചെമഞ്ചേരി, വിയ്യൂർ, ചെങ്ങോട്ടുകാവ് വില്ലേജുകളിൽ ദുരിതാശ്വാസ ക്യാമ്പുകൾ ആരംഭിച്ചിരുന്നു. പ്രസ്തുത ക്യാമ്പുകളിലേക്ക് ആവശ്യമായ ഭക്ഷ്യധാന്യങ്ങളും മറ്റ് അവശ്യസാധനങ്ങളും വിതരണം ചെയ്തത് സപ്ലൈകോ കൊയിലാണ്ടി ഡിപ്പോ വഴിയാണ്.ദുരന്തസമയത്ത് പൊതുജനങ്ങൾക്ക് ആശ്വാസമേകുന്നതിനായി കൃത്യസമയത്ത് ഭക്ഷ്യധാന്യങ്ങൾ എത്തിച്ചു നൽകിയ സർക്കാർ പൊതുമേഖലാ സ്ഥാപനമായ സപ്ലൈകോയ്ക്ക് നൽകാനുള്ള തുകയായതിനാലും, തഹസിൽദാർ ബില്ലുകൾ പരിശോധിച്ച് ബോധ്യപ്പെട്ടതാണെന്ന് സാക്ഷ്യപ്പെടുത്തിയതിനാലും കൊയിലാണ്ടി സപ്ലൈകോ ഡിപ്പോയ്ക്ക് നൽകാനുള്ള കുടിശ്ശിക തുകയായ 70,112/- രൂപ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്നും അനുവദിച്ചു നൽകണമെന്നും ജില്ലാ കളക്ടർ പരാമർശിത കത്ത് പ്രകാരം അഭ്യർത്ഥിച്ചു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.കോഴിക്കോട് ജില്ലയിലെ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് ആവശ്യമായ ഭക്ഷ്യധാന്യങ്ങളും മറ്റ് അവശ്യസാധനങ്ങളും വിതരണം ചെയ്ത കൊയിലാണ്ടി സപ്ലൈകോ ഡിപ്പോയ്ക്ക് നൽകാനുള്ള കുടിശ്ശിക തുകയായ 70,112/- (എഴുപതിനായിരം നൂറ്റി പന്ത്രണ്ട് രൂപ മാത്രം) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്നും ധനസഹായം അനുവദിക്കുന്നതിനായി "2245-02-101-98-Food and Clothing" എന്ന ശീർഷകത്തിൽ നിന്നും കോഴിക്കോട് ജില്ലാ കളക്ടർക്ക് അനുവദിച്ചു കൊണ്ട് ഉത്തരവാകുന്നു.സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്നും തുക കോഴിക്കോട് ജില്ലാ കളക്ടർക്കു അനുവദിക്കുന്നതിനുള്ള നടപടി ദുരന്ത നിവാരണ വകുപ്പ് ഫിനാൻസ് ഓഫീസർ സ്വീകരിക്കേണ്ടതാണ്.

3.നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് ശീർഷകത്തിൽ നിന്ന് തുക വിനിയോഗിക്കേണ്ടതും തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം പോർട്ടലിൽ രേഖപ്പെടുത്തേണ്ടതും വിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിലേക്ക് ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പൂജ ലാൽ കെ എ എസ്

അണ്ടർ സെക്രട്ടറി

ജില്ലാ കളക്ടർ, കോഴിക്കോട്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോഴിക്കോട്

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം

ഫിനാൻസ് ഓഫീസർ, ദുരന്ത നിവാരണ വകുപ്പ്

ദുരന്ത നിവാരണ വകുപ്പ് A3 സീറ്റ്

ഇൻഫർമേഷൻ ഓഫീസർ, വെബ് &ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം.DMB3/106/2026-DMD)

ഉത്തരവിൻ പ്രകാരം

Digitally signed by
Manu S
Date: 29-07-2026
14:54:22

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ. യ്ക്ക്